**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **940** — **30-06-2011**-ലെ മറുപടിക്ക്

## വെള്ളൂർ പാടിയോട്ടുചാൽ - പുളിങ്ങോം റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. കൃഷ്ണൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം റോഡ് (കണ്ണൂർ ജില്ല) അഭിവൃദ്ധിപ്പെടുത്തുന്നതിന് മുൻ സർക്കാർ അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു;<br><br>(ബി) ഇതിന്റെ ബാക്കി പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; | (എ) & (ബി) വെള്ളൂർ പാടിയോട്ടുചാൽ - പുളിങ്ങോം റോഡ് അഭിവൃദ്ധിപ്പെടുത്തു ന്നതിനായി അപ്ഗ്രഡേഷൻ പാക്കേജ് പ്രകാരം 5 പ്രവൃത്തി കൾക്കായി 144.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 55 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള 3 പ്രവൃത്തികളിൽ കി.മീ.0/700 മുതൽ 2/000 വരെയുള്ള ഭാഗത്ത് നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പുരോഗമിച്ചു വരുന്നു. കി.മീ 22/000 മുതൽ 25/000 വരെയുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കി.മീ. 37/000 മുതൽ 38/000 വരെയുള്ള പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കിയതി നുശേഷം മഴക്കാലം കഴിഞ്ഞാലുടൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം - വാഗമണ്ഡലം റോഡിൽ മുണ്ടറോട്ട് കടവിന് പാലം നിർമ്മിച്ചിട്ട് വർഷങ്ങളായിട്ടും കർണ്ണാടക ഫോറസ്റ്റ് ഭാഗത്ത് അപ്രോച്ച് റോഡ് പണി നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ഡി) പ്രസ്തുത റോഡിന്റെ പ്രവർത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) കർണ്ണാടക ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ പ്രവൃത്തി നടത്തേണ്ടത് കർണാടക സർക്കാരാണ്. |

സെക്ഷൻ ഓഫീസർ